ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 16.05.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. ഓപ്പറേഷൻ സിന്ദൂറിലൂടെ ഭീകരതയെ കൃത്യതയോടെ നേരിടാൻ ഇന്ത്യ പുതിയൊരു ആഗോള മാനദണ്ഡം സൃഷ്ടിച്ചതായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

   **Vice President Jagdeep Dhankhar has said that through Operation Sindoor India has set a new global benchmark by striking terrorism with precision.**

2. ഇന്ത്യ - പാക് പ്രശ്നങ്ങൾ ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ചർച്ചയിലൂടെ മാത്രമേ പരിഹരിക്കുവെന്നും മൂന്നാം കക്ഷി ഇടപെടൽ ഉണ്ടാകില്ലെന്നും വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

   **External Affairs Minister S. Jaishankar has ruled out any third party mediation between India and Pakistan, reiterating that New Delhi's dealings with Islamabad will be strictly bilateral.**

3. അന്താരാഷ്ട്ര തലത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ തുടരുകയാണെന്ന് ഐക്യരാഷ്ട്ര സഭാ റിപ്പോർട്ട്.

   **India remains the fastest-growing large economy, says United Nations (UN).**

4. സംസ്ഥാനത്തെ നിർമ്മാണം പൂർത്തിയായ 51 റോഡുകളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി

വിജയൻ ഇന്ന് നിർവഹിക്കും.

Chief Minister Pinarayi Vijayan will inaugurate 51 completed roads in the state today.

5. ഓപ്പറേഷൻ സിന്ദൂർ ഭീകരവാദത്തിന് ഇന്ത്യ നൽകിയ താക്കീതാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. സൈനികർക്ക് അഭിവാദ്യം അർപ്പിച്ച് സംഘടിപ്പിക്കുന്ന തിരംഗാ യാത്ര കേരളത്തിലെ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു.

Union Minister of State Suresh Gopi said that Operation Sindoor is a warning given by India to terrorism. The Tiranga Yatra, organized to salute the soldiers, is progressing in various districts of Kerala.

6. ദോഹയിൽ നടക്കുന്ന ഡയമണ്ട് ലീഗ് മീറ്റിൽ ഇന്ത്യയുടെ നീരജ് ചോപ്ര ഇന്ന് ഇറങ്ങും.

India's two-time Olympic medallist and reigning World Champion in javelin throw, Neeraj Chopra, will participate in his first Diamond League meet of the season in Doha, today.

****************************

**HEADLINE-1**

## JAIPUR-JAGDEEP DHANKAR (INTRO)

ഓപ്പറേഷൻ സിന്ദൂറിലൂടെ, ഭീകരതയെ കൃത്യതയോടെ നേരിട്ട് കൊണ്ട്, ഇന്ത്യ പുതിയൊരു ആഗോള മാനദണ്ഡം സ്ഥാപിച്ചുവെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ഭീകരവാദം ഇനി ഒരു രാജ്യത്തിന്റെ മാത്രം ആശങ്കയല്ല, മറിച്ച് ആഗോള സുരക്ഷയ്ക്ക് തന്നെ ഭീഷണിയാണെന്നും അദ്ദേഹം പറഞ്ഞു. ജയ്പൂരിൽ മുൻ ഉപരാഷ്ട്രപതി ഭൈറൺ സിംഗ് ഷെഖാവത്തിന്റെ സ്മരണാർത്ഥം സ്ഥാപിച്ച ഗ്രന്ഥശാലയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

*************************

## SHAH-AIIMS VISIT

ഛത്തീസ്ഗഢ്, തെലങ്കാന അതിർത്തിയിലെ നക്സൽ വിരുദ്ധ ദൗത്യത്തിനിടെ പരിക്കേറ്റ സുരക്ഷാ ഉദ്യോഗസ്ഥരെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ന്യൂഡൽഹി എയിംസിൽ സന്ദർശിച്ചു. നക്സലിസം ഇല്ലാതാക്കുന്നതിന് സുരക്ഷാ സേന നടത്തുന്ന പ്രവർത്തനങ്ങളിൽ രാജ്യത്തിന് അഭിമാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഛത്തീസ്ഗഢ്-തെലങ്കാന അതിർത്തിയിൽ 21 ദിവസം നീണ്ട ഓപ്പറേഷനിൽ 31 നക്സലൈറ്റുകളെയാണ് സേന വധിച്ചത്.

*************************

## JAISHANKAR - AFGHAN ACTING FM

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ അഫ്ഗാന്റെ ആക്ടിംഗ് വിദേശകാര്യ മന്ത്രി മൗലവി അമീർ ഖാൻ മുത്തഖിയുമായി സംവദിച്ചു. പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച മുത്തഖിയുടെ നിലപാടിനെ ശ്രീ ജയ്ശങ്കർ അഭിനന്ദിച്ചു. അഫ്ഗാൻ ജനതയുമായുള്ള ഇന്ത്യയുടെ പതിറ്റാണ്ടുകൾ നീണ്ട സൗഹൃദവും അവരുടെ വികസന ആവശ്യങ്ങൾക്കുള്ള ഇന്ത്യയുടെ പിന്തുണയും ചർച്ചയായതായി വിദേശകാര്യ മന്ത്രി പറഞ്ഞു.

*************************

### HEADLINE-2

## JAISHANKAR-PAKISTAN (INTRO)

ഇന്ത്യയ്ക്കും പാകിസ്ഥാനും ഇടയിൽ മൂന്നാം കക്ഷി ഇടപെടൽ ആവശ്യമില്ലെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ഇന്ത്യ

പാക് പ്രശ്നങ്ങൾ ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ചർച്ചയിലൂടെ മാത്രമെ പരിഹരിക്കുകയുള്ളുവെന്നും അദ്ദേഹം വ്യക്തമാക്കി. ഭീകരവാദം എന്ന വിഷയം കേന്ദ്രീകരിച്ച് മാത്രമായിരിക്കും ഇനി പാക്കിസ്ഥാനുമായി ചർച്ച. ഭീകരരെ കൈമാറാനും ഭീകരക്യാമ്പുകളെ ഇല്ലായ്മ ചെയ്യാനും പാക്കിസ്ഥാൻ തയ്യാറാകണമെന്നും ശ്രീ എസ് ജയ്ശങ്കർ ആവശ്യപ്പെട്ടു.

(ഹോൾഡ് വോയ്സ്)

**************************

## PM-FISHERIES

രാജ്യത്തെ മത്സ്യബന്ധന മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിപുലമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട പുരോഗതിയും ഭാവി പദ്ധതികളും അവലോകനം ചെയ്യുന്നതിനായി പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ഇന്നലെ യോഗം ചേർന്നു. ആഴക്കടൽ മത്സ്യബന്ധനവും സമുദ്ര ഭക്ഷ്യോൽപ്പന്ന കയറ്റുമതിയും യോഗത്തിൽ ചർച്ചയായി. കേന്ദ്ര ഫിഷറീസ് മന്ത്രി രാജീവ് രഞ്ജൻ സിങ്ങും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

**************************

**HEADLINE-3**

## UN WESP REPORT

ഇന്ത്യ അന്താരാഷ്ട്ര തലത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന വലിയ സമ്പദ്‌വ്യവസ്ഥയായി തുടരുന്നതായി യു എൻ റിപ്പോർട്ട്. ലോക സാമ്പത്തിക സാഹചര്യവും സാധ്യതകളും വിലയിരുത്തുന്ന ഐക്യരാഷ്ട്രസഭയുടെ അർദ്ധ വാർഷിക

റിപ്പോർട്ടിലാണ് ഇക്കാര്യം പറയുന്നത്. ഈ സാമ്പത്തിക വർഷം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 6.3 ശതമാനം വളർച്ച കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശക്തമായ സ്വകാര്യ ഉപഭോഗവും പൊതു നിക്ഷേപവുമാണ് വളർച്ചയ്ക്ക് കാരണമെന്നാണ് വിലയിരുത്തൽ.

**************************

## SC-HEARING-WAQF

വഖഫ് ഭേദഗതി നിയമത്തിന്റെ സാധുത ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികളിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ഈ മാസം 20 ന് വീണ്ടും പരിഗണിക്കുമെന്ന് സുപ്രീംകോടതി. ചീഫ് ജസ്റ്റിസ് ബി ആർ ഗവായ് ഉൾപ്പെടുന്ന ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്. എന്നാൽ, 1995 ലെ വഖഫ് നിയമം റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ഒരു ഹർജിയും മെയ് 20 ന് പരിഗണിക്കില്ലെന്നും കോടതി വ്യക്തമാക്കി.

**************************

**HEADLINE-4**

## CM-51 ROADS

സർക്കാരിന്റെ നാലാം വാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് സംസ്ഥാനത്തെ നിർമ്മാണം പൂർത്തിയായ 51 റോഡുകളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഓൺലൈനായി നിർവഹിക്കും. തിരുവനന്തപുരത്തെ 12 റോഡുകൾ ഉൾപ്പെടെയുള്ളവയാണ് ഇന്ന് നാടിന് സമർപ്പിക്കുന്നത്. വൈകുന്നേരം തിരുവനന്തപുരം മാനവീയം വീഥിയിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി പി. എ മുഹമ്മദ് റിയാസ് അധ്യക്ഷനാകും.

**************************

HEADLINE-5

## TIRANGA YAATRA

ഓപ്പറേഷൻ സിന്ദൂർ ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ഭീകരവാദത്തിന് ഇന്ത്യ നൽകിയ താക്കീതാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കേന്ദ്രസഹമന്ത്രിയുടെ നേതൃത്വത്തിൽ തൃശൂർ നഗരത്തിൽ ഇന്നലെ 'തിരംഗ' യാത്ര സംഘടിപ്പിച്ചു. ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തിൽ സൈന്യത്തിന് അഭിവാദ്യം അർപ്പിച്ച് സംഘടിപ്പിക്കുന്ന തിരംഗ യാത്ര, ഇന്ന് രാവിലെ കൊച്ചിയിൽ നടക്കും. കണ്ണൂരും, കോഴിക്കോടും തിരംഗ യാത്ര നടക്കുന്നുണ്ട്.

**************************

## ENTE KERALAM-VEENA GEORGE

പത്തനംതിട്ട ജില്ലയിൽ എന്റെ കേരളം പ്രദർശന വിപണന കലാമേളയ്ക്ക് ഇന്ന് തുടക്കമാകും. ശബരിമല ഇടത്താവളത്തിൽ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം നിർവഹിക്കും. മേയ് 22 വരെ നടക്കുന്ന മേളയിൽ പ്രവേശനം സൗജന്യമാണ്. രാവിലെ 10 മുതൽ രാത്രി ഒമ്പത് വരെയാണ് പ്രദർശന സമയം.

**************************

## KHELO INDIA

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025 സമാപിച്ചു. ഇന്നലെ വൈകുന്നേരം പട്നയിലെ പാടലീപുത്ര സ്പോർട്സ് കോംപ്ലക്സിൽ നടന്ന വർണ്ണാഭമായ സമാപന ചടങ്ങോടെയാണ് ഗെയിംസിന് തിരശ്ശീല വീണത്. രാജ്യത്തുടനീളമുള്ള വളർന്നുവരുന്ന കായികതാരങ്ങൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദിയായി ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് മാറുകയാണെന്ന് ചടങ്ങിൽ

സംസാരിച്ച കേന്ദ്രമന്ത്രി രക്ഷ നിഖിൽ ഖഡ്സെ പറഞ്ഞു. ഗെയിംസിൽ 158 മെഡലുകൾ നേടി മഹാരാഷ്ട്ര ഓവറോൾ ചാമ്പ്യന്മാരായി.

**************************

**HEADLINE-6**

## NEERAJ CHOPRA- JAVELIN

ഖത്തറിലെ ദോഹയിൽ നടക്കുന്ന ഡയമണ്ട് ലീഗ് മീറ്റിൽ ഒളിമ്പിക് മെഡൽ ജേതാവും ജാവലിൻ ത്രോയിൽ നിലവിലെ ലോക ചാമ്പ്യനുമായ ഇന്ത്യയുടെ നീരജ് ചോപ്ര ഇന്ന് ഇറങ്ങും. ദോഹയിൽ നീരജ് മികച്ച പ്രകടനം കാഴ്ചവയ്ക്കുമെന്നാണ് പ്രതീക്ഷ.

**************************

## WOMENS CRICKET - ENGLAND TOUR

അടുത്തമാസം ആരംഭിക്കുന്ന ഇംഗ്ലണ്ട് പര്യടനത്തിനുള്ള ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിനെ ബിസിസിഐ പ്രഖ്യാപിച്ചു. അഞ്ച് ടി20 മത്സരങ്ങളും മൂന്ന് ഏകദിന മത്സരങ്ങളും ഈ പര്യടനത്തിൽ ഉൾപ്പെടും. രണ്ട് ഫോർമാറ്റുകളിലും ഹർമൻപ്രീത് കൗർ ആയിരിക്കും ടീമിനെ നയിക്കുക.

**************************

## ASIAN CHESS CHAMPIONSHIP

യുഎഇയിലെ അൽ ഐനിൽ നടന്ന ഏഷ്യൻ ചെസ്സ് ചാമ്പ്യൻഷിപ്പിൽ മലയാളിയായ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ നിഹാൽ സരിൻ റണ്ണറപ്പായി. അവസാന റൗണ്ട് പോരാട്ടത്തിൽ ഇറാൻ താരത്തെ പരാജയപ്പെടുത്തിയെങ്കിലും, ടൈ-ബ്രേക്കറിൽ കുറഞ്ഞ സ്കോർ ആയതിനാൽ സരിന് വെള്ളി നേടാനെ സാധിച്ചുള്ളൂ.

ഈ വർഷം അവസാനം ഇന്ത്യയിൽ നടക്കാനിരിക്കുന്ന ഫിഡെ ചെസ് വേൾഡ് കപ്പിൽ നിഹാൽ സരിൻ സ്ഥാനം നേടി.

**************************

## NIRAV MODI BAIL REJECTED

ലണ്ടനിലെ ജയിലിൽ കഴിയുന്ന വജ്ര വ്യാപാരി നീരവ് മോദിയുടെ ജാമ്യാപേക്ഷ ലണ്ടനിലെ ഹൈക്കോടതി തള്ളി. അമ്മാവൻ മെഹുൽ ചോക്സിയുമായി ചേർന്ന് ആസൂത്രണം ചെയ്ത 13,000 കോടി രൂപയുടെ പഞ്ചാബ് നാഷണൽ ബാങ്ക് തട്ടിപ്പ് കേസിൽ പ്രതിയാണ് നീരവ് മോദി. തന്റെ കൈമാറ്റ അപേക്ഷയിൽ തീരുമാനം വരുന്നതുവരെ ജാമ്യത്തിൽ വിടണമെന്ന് ആവശ്യപ്പെട്ട് നീരവ് മോദി ഇന്നലെ ലണ്ടനിലെ കോടതിയെ സമീപിച്ചിരുന്നു.

**************************

## RUSSIA - UKRAINE PEACE TALKS

റഷ്യയുമായി നടക്കാനിരിക്കുന്ന സമാധാന ചർച്ചകളിൽ പങ്കെടുക്കില്ലെന്ന് യുക്രൈനിയൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി. എന്നാൽ, സംഘർഷം ലഘൂകരിക്കാനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കുന്നതിനായി പ്രതിരോധ മന്ത്രി റസ്റ്റം ഉമെറോവിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘത്തെ ഇസ്താംബൂളിലേക്ക് അയയ്ക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. സമാധാന ചർച്ചകളിൽ പങ്കെടുക്കില്ലെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയും അറിയിച്ചു. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുതിന്റെ നിർദ്ദേശത്തെ തുടർന്നാണ് ഇസ്താംബൂൾ ചർച്ചകൾക്ക് വേദിയൊരുങ്ങിയത്. എന്നാൽ, പുതിൻ ചർച്ചകളിൽ പങ്കെടുക്കില്ലെന്ന് പിന്നീട് അറിയിച്ചിരുന്നു. പകരം പ്രസിഡന്റിന്റെ പ്രതിനിധി

പങ്കെടുക്കും. ചർച്ചകൾ ഇന്ന് നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**************************

## MOCK PARLIAMENT

സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംസ്ഥാനതല സഹവാസ ക്യാമ്പിന്റെ ഭാഗമായി ഇന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കും. നിയമസഭാ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ സ്പീക്കർ എ എൻ ഷംസീർ രാവിലെ ഉദ്ഘാടനം ചെയ്യും.

**************************

## NHRC- HAZARDOUS WASTE

അപകടകരമായ മാലിന്യങ്ങൾ കൈകൊണ്ട് വൃത്തിയാക്കുന്നത് സംബന്ധിച്ചുള്ള സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കത്തയച്ചു. രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ അപകടകരമായ മാലിന്യങ്ങൾ കൈകൊണ്ട് വൃത്തിയാക്കുന്നത് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിലാണ് കമ്മീഷന്റെ ഇടപെടൽ.

*

********

*******************************************